# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 24/01/2019

## കെ.എസ്.എഫ്.ഇ ചിട്ടി തട്ടിപ്പ് അവസാന പ്രതിയും അറസ്റ്റിൽ...

കൊല്ലം : കൊല്ലം ജില്ലയിലെ KSFE യുടെ വിവിധ ബ്രാഞ്ചുകളിൽ നിന്നും ചിട്ടി തുകയും ചിട്ടിയിൽ നിന്നും ലോണും വ്യക്തിഗത വായ്പ്പയും വ്യാജസാലറി സർട്ടിഫിക്കറ്റ് ഹാജരാക്കിതട്ടിപ്പ് നടത്തിയ സംഘത്തിലെ അവസാന പ്രതിയെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തു. മുഖത്തല തൃക്കോവിൽ വട്ടം കുറുമണ്ണ സലാവുദ്ദീൻ മൻസിൽ സലാവുദ്ദീൻ മകൻ അഫ്സൽ സലാവുദ്ദീനെ കഴിഞ്ഞ ദിവസം മധുരയിൽ നിന്നും കൊല്ലം ജില്ലാ ക്രൈം ബ്രാഞ്ച് സംഘം അറസ്റ്റ് ചെയ്തത്. വിദേശത്ത് ഒളിവിൽ കഴിഞ്ഞിരുന്ന പ്രതി മധുരയിൽ എത്താൻ സാധ്യതയുണ്ടെന്ന് രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണ സംഘം മധുരയിൽ ക്യാമ്പ് ചെയതാണ് പ്രതിയെ പിടിച്ചത്. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലാർക്ക് ആയ കെൻസി ജോൺസൺ ആണ് മുഖ്യ സൂത്രധാരൻ ഇയാൾ ബന്ധുക്കളേയും സുഹൃത്തുക്കളേയും ചേർത്താണ് ഈ തട്ടിപ്പ് നടത്തിയത്. KSFE യുടെ വിവിധ ബ്രാഞ്ചുകളിൽ കെൻസി ജോൺസൺ ഉയർന്ന സലയുള്ള ചിട്ടിക്ക് ചേർന്നശേഷം ചിട്ടിപണം വാങ്ങുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർ അല്ലാത്ത ടിയാളുടെ സുഹൃത്തുക്കളുടെപേരിൽ വ്യാജമായി സാലറി സർട്ടിഫിക്കറ്റ് തയ്യാറാക്കി ഹാജരാക്കിയാണ് ഇത്തരത്തിൽ തട്ടിപ്പ് നടത്തിയത്. KSFE നിന്ന് ഇത്തരം സർട്ടിഫിക്കറ്റുകളുടെ ആധികാരികത ചോദിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേയ്ക്ക് അയയ്ക്കുന്ന കത്തും തന്ത്രപരമായി കൈക്കലാക്കി വ്യാജ സീലും ഒപ്പും രേഖപ്പെടുത്തി മടക്കി അയച്ചിരുന്നത് കെൻസി ജോൺസൺ ആണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കൊല്ലം ഈസ്റ്റ്, കൊല്ലം വെസ്റ്റ്, അഞ്ചാലുംമൂട്, കിളികൊല്ലൂർ, കൊട്ടിയം, പാരിപ്പള്ളി എന്നീ സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഈ തട്ടിപ്പ്കേസ്സ് കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ

ശ്രീ. ജി. സർജു പ്രസാദിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം ആണ് അന്വേഷിക്കുന്നത്. അഭിലാഷ്, സനൻ എന്നീ പേരുകളിൽ കു റ KSFE ബ്രാഞ്ചിൽ അയച്ച സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേയ്ക്ക് ഫോണിൽ തിരക്കിയതിൽ ഇങ്ങനെ ജീവനക്കാർ ഈ ഓഫീസിൽ ജോലി നോക്കുന്നില്ല എന്ന് പറഞ്ഞതിൽ നിന്നാണ് ഈ കേസ്സിന് തുമ്പ് ഉ ാകുന്നത്. ഈ കേസ്സിലെ മുഖ്യ പ്രതിയായ കെൻസി ജോൺസൺ ഭാര്യ ഷിജി, ജോൺസൺ, വിമലാ ജോൺസൺ, നവാസ്, അൻഷാദ്, സനൻ, ശരത് ഭദ്രൻ, സോണി പി ജോൺ, അഭിലാഷ്, അജിത്ത് വിദേശത്ത് ഒളിവിൽ കഴിഞ്ഞിരുന്ന നെപ്പോളിയൻ എന്നിവരെ നേരത്തെ വിവിധ സ്ഥലങ്ങളിൽ നിന്ന് അറസ്റ്റ് ചെയ്തിരുന്നു. അവസാന പ്രതിയായ അഫ്സൽ സലാവുദ്ദീനെ കൊല്ലം സിറ്റി ജില്ലാ ക്രൈംബ്രാഞ്ച് ( സി-ബ്രാഞ്ച്) അസി. പോലീസ് കമ്മീഷണർ ശ്രീ. സർജു പ്രസാദ് സബ്ബ് ഇൻസ്പെക്ടർ ശ്രീ. ബാലൻ.കെ, അസി. സബ്ബ് ഇൻസ്പെക്ടർമാരായ സുരേഷ്കുമാർ, ജയപ്രദീപ്, ഷാനവാസ്. എച്ച്, സുബാഷ്ചന്ദ്രൻ, സിവിൽ പോലീസ് ഓഫീസർമാരായ പ്രേംകുമാർ എന്നിവർ അടങ്ങുന്ന സംഘം മധുരയിൽ നിന്നാണ്പിടികൂടിയത്.